(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എത്ര പോസ്റ്റുകളും അനുബന്ധവസ്തുക്കളും ടി മണ്ഡലത്തിലെ കൊണ്ടോട്ടി, എടവണ്ണപ്പാറ, പുളിക്കൽ, കാരാട്, വെള്ളുവമ്പ്രം എന്നീ സെക്ഷൻ ഓഫീസിലേക്ക് നൽകിയിട്ടുണ്ട് ;

(സി) പുതുതായി എത്രയെണ്ണം നൽകുന്നതിന് ഉദ്ദേശിക്കുന്നു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് 4-8-2009-ലെ ബോർഡ് ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രധാനപ്പെട്ട മെറ്റീരിയൽസിന്റെ വിവരം ചുവടെ ചേർക്കുന്നു :

സെക്ഷന്റെ പേര്	പോസ്റ്റ് (എണ്ണം)	കമ്പി (മീറ്റർ)
കൊണ്ടോട്ടി	375	12950
എടവണ്ണപ്പാറ	255	20073
പുളിക്കൽ/കാരാട്	615	18649
വെള്ളുമ്പ്രം	265	32343

കൂടാതെ അനുബന്ധ മെറ്റീരിയൽസും നൽകിയിട്ടുണ്ട്.

(സി) ബാക്കി ആവശ്യമുള്ള പോസ്റ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാന്നി നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

174 (4237) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുവാൻ വാന്നി നിയോജക മണ്ഡലത്തിൽ ഓരോ സെക്ഷനിലും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഓരോ പ്രവൃത്തിക്കും ചെലവാകുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രവൃത്തികൾ എന്നു പൂർത്തിയാക്കി, സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം എപ്പോൾ നടത്തുവാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ)& (ബി) വിവിധ പ്രവർത്തനങ്ങൾ അനുബന്ധമായി നൽകുന്നു.*

(സി) സമ്പൂർണ്ണ വൈദ്യുതീകരണം ഒക്ടോബർ 31-ന് തീർക്കാൻ ഉദ്ദേശിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly